ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ 1049781 കേടായ വൈദ്യുതി മീറ്റർ മാറ്റിസ്ഥാപിക്കാൻ ലക്ഷ്യം വച്ചിട്ടുള്ളതിൽ 30-6-2015-ലെ കണക്കുകൾ പ്രകാരം 254405 മീറ്ററുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. മീറ്ററുകളുടെ ലഭ്യതക്കനുസരിച്ച് കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചുവരുന്നു.

(ബി) എറണാകുളം ജില്ലയിൽ ഏപ്രിൽ 2014 മുതൽ 2015 ജൂൺ വരെയുള്ള കാലാവധിയിൽ കേടായ മീറ്റർ മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11229 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 10701 മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി)

ഞാറയ്ക്കൽ	-	3100 എണ്ണം
നായരമ്പലം	-	2750 "
എടവനക്കാട്	-	2950 "
എളങ്കുന്നപ്പുഴ	-	4990 "
മുളവുകാട്	-	2718 "

പുതിയ സ്രോതസ്സുകൾവഴി വൈദ്യുതി

23 (4605)<u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ക്ഷാമം പരിഹരിക്കാനായി ഏതെല്ലാം സ്രോതസ്സുകളിൽ നിന്നും എത്ര യൂക യൂണിറ്റിന് നൽകി വൈദ്യുതി ലഭ്യമാക്കാനും, സംസ്ഥാനത്തു നിന്നുള്ള ഏതെല്ലാം പുതിയ/വിപുലീകരിച്ച സ്രോതസ്സുകൾവഴി വൈദ്യുതി ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചു എന്ന് 2011 മുതൽ 2015 വരെ നടത്തിയ പ്രവർത്തനങ്ങൾ വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) ഇതിനായി 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര കേന്ദ്ര സഹായം ലഭിച്ചു എന്നും എത്ര യൂക സംസ്ഥാന സർക്കാർ ചെലവാക്കി എന്നും എത്ര യൂക വിവിധ സ്ഥാപനങ്ങളിൽ നിന്നും (സ്ഥാപനം തിരിച്ചും പലിശ എത്രയെന്നും) വായ്പയെടുത്തു എന്നും എന്നുമുതലാണ് പ്രസ്തുത വായ്പ അടച്ചു തുടങ്ങേണ്ടത് എന്നും വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈദ്യുതി സംസ്ഥാനത്തെത്തിക്കാൻ ഉപയോഗിക്കുന്ന അന്തർ സംസ്ഥാന കോറിഡോറിലെ പ്രശ്നങ്ങൾമൂലം 2011 മുതൽ 2015 വരെ തടസ്സങ്ങൾ നേരിട്ടുവോ എന്നും എങ്കിൽ അതുമാറ്റി വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ എടുത്തനടപടി സ്വീകരിച്ചഎന്നും ചെലവായ തുകയെത്രയെന്നും നാളിതുവരെ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആഭ്യന്തര ഉല്പാദനത്തെയും കേന്ദ്രവിഹിതമായി ലഭിക്കുന്ന വൈദ്യുതിയെയുമാണ് പ്രധാനമായും ആശ്രയിക്കുന്നത്. ലഭ്യതയിലുള്ള കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ/ പൊതുമേഖല വൈദ്യുതി ഉല്പാദകരിൽനിന്നും വാങ്ങിയ വൈദ്യുതി സംബന്ധിച്ച വിശദവിവരം അനുബന്ധം (1) -ൽ ചേർക്കുന്നു.*

ഇതിനുപുറമെ സംസ്ഥാനത്തിനു പുറത്തുള്ള ജനറേറ്റിംഗ് കമ്പനികളിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും ദീർഘകാലാടിസ്ഥാനത്തിൽ 1415 മെഗാവാട്ടും (2015 മുതൽ) മധ്യകാലാടിസ്ഥാനത്തിൽ 400 മെഗാവാട്ടും (2014-17) ഹ്രസ്വകാലാടിസ്ഥാനത്തിൽ (2011-15) വരെ വിവിധ കമ്പനികളുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് കരാറിൽ ഒപ്പുവച്ചിട്ടുണ്ട്.

(ബി) 2011 മുതൽ 2015 വരെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ധനസഹായം നൽകിയിട്ടില്ല. ടി വർഷങ്ങളിലെ ചില വിഭാഗം ഉപഭോക്താക്കൾക്ക് കുറഞ്ഞനിരക്കിൽ വൈദ്യുതി നൽകിയ ഇനത്തിലുള്ള സബ്സിഡിയാണ് സംസ്ഥാന സർക്കാർ ലഭ്യമാക്കിയിട്ടുള്ളത്.

പ്രസ്തുത വർഷങ്ങളിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും (സ്ഥാപനം തിരിച്ചും പലിശയിനത്തിലും) വായ്പയെടുത്തത് സംബന്ധിച്ച വിശദവിവരം അനുബന്ധം (2)-ൽ ചേർക്കുന്നു.*(ഷെഡ്യൂൾ 32)

(സി) 2011-2015 കാലയളവിൽ കോറിഡോറിലെ പ്രശ്നങ്ങൾമൂലം സംസ്ഥാനത്തിന് പുറത്തുനിന്നും ഹ്രസ്വകാലാടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടിട്ടുണ്ട്. കൂടാതെ ദീർഘകാല/മദ്ധ്യകാല കരാറുകൾവഴി ലഭിക്കേണ്ടിയിരുന്ന വൈദ്യുതിയും കോറിഡോറിന്റെ അഭാവത്തിൽ പി.ജി.സി.ഐ.എൽ. അനുമതി നിഷേധിച്ചതിനാൽ തടസ്സപ്പെട്ടിട്ടുണ്ട്

---

* വെബ്സൈറ്റിൽ ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പി.ജി.സി.ഐ.എൽ., സി.ഇ.ആർ.സി. തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി നിരന്തരമായി ബന്ധപ്പെട്ട് കേരളത്തിന് അർഹമായ കോറിഡോർ വിഹിതം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ട്രാൻസ്മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള അന്തർസംസ്ഥാന അന്തർ റീജിയണൽ ലൈനുകളുടെ നിർമ്മാണത്തിനുള്ള അനുമതി നേടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

തർക്കങ്ങളിൽപ്പെട്ട് മുടങ്ങിക്കിടന്നിരുന്ന 400 കെ.വി. മൈസൂർ-കോഴിക്കോട് ലൈനിന്റെ നിർമ്മാണം നിരന്തരമായ പരിശ്രമഫലമായി പുനരാരംഭിച്ച പ്രസ്തുത ലൈൻ ഉടൻ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

റൈറ്റ് ഓഫ് വേ തർക്കങ്ങളിൽപ്പെട്ട് മുടങ്ങിക്കിടക്കുന്ന മൂടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതിനിർദ്ദേശം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഒരു എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വത്തിൽ പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

സൗജന്യ വൈദ്യുതി കണക്ഷൻ

24 (4606) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

141881 സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

അരൂർ മണ്ഡലത്തിലെ സെക്ഷൻ ഓഫീസുകൾ

25 (4607) <u>ശ്രീ. എ. എം. ആരിഫ്</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ സെക്ഷന്റെയും പരിധിയിൽ എത്ര ഉണരോക്താക്കൾ ഉണ്ട് ;

(സി) ഓരോ സെക്ഷനിലും ഉള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ ;

(ഡി) ആലപ്പുഴ സർക്കിളിൽ ഏറ്റവും കൂടുതൽ ഉണരോക്താക്കൾ ഉള്ള സെക്ഷൻ ഏതാണ് ;

(ഇ) കുത്തിയതോട് സെക്ഷൻ വിഭജിച്ച് ഒരു പുതിയ സെക്ഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly